No. NREGA/372/2022-A3 തീയതി : **23/07/2022**

## സർക്കുലർ

വിഷയം : മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി – കരാർ ജീവനക്കാരുടെ കരാർ പുതുക്കുന്നത് – സ്പഷ്ടീകരണം നൽകുന്നത് – സംബന്ധിച്ച് .

സൂചന : 1. 30.06.22 ലെ സ.ഉ (സാധാ) നം.1559/2022 / ത സ്വ ഭ വ ഉത്തരവ്

2.ഈ ഓഫീസിലെ 08.07.22 ലെ 372/2022/A3 നമ്പർ സർക്കുലർ

3. ഈ ഓഫീസിലെ 18.07.22 ലെ 372/2022/A3 നമ്പർസർക്കുലർ

4.`KSNREG Union ബഹു തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി മുൻപാകെ സമർപ്പിച്ച നിവേദനം

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ജോലി ചെയ്യുന്ന കരാർ ജീവനക്കാരുടെ കരാർ പുതുക്കുന്നത് സംബന്ധിച്ചും ഇവരുടെ പെർഫോർമൻസ് അപ്രൈസൽ നടത്തുന്നത് സംബന്ധിച്ചും സൂചന 1 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. ടി ഉത്തരവിൻറെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ പെർഫോർമൻസ് അപ്രൈസൽ നടത്തുന്നത് സംബന്ധിച്ച നിർദേശങ്ങൾ സൂചന 2 പ്രകാരം ലഭ്യമാക്കിയിരുന്നു. സൂചന 2 പ്രകാരം നിശ്ചയിച്ചിരുന്ന 55% എന്ന കുറഞ്ഞ സ്കോർ പിന്നീട് സൂചന 3 പ്രകാരം 50% ആക്കി പരിഷ്കരിച്ചിട്ടുള്ളതാണ്. സൂചന 3 പ്രകാരം നിശ്ചയിച്ചിട്ടുള്ള കുറഞ്ഞ സ്കോർ പരിഷ്കരിക്കണം എന്ന് സൂചന 4 പ്രകാരം സർക്കാരിന് അപേക്ഷ ലഭിക്കുകയും ജീവനക്കാരുടെ പ്രസ്തുത അപേക്ഷ അനുഭാവപൂർവം പരിശോധിക്കാൻ സർക്കാർ നിർദേശിക്കുകയുമുണ്ടായി. മഹാത്മാ ഗാന്ധി NREG പദ്ധതിയിലെ കരാർ ജീവനക്കാരുടെ പെർഫോർമൻസ് അപ്രൈസൽ പുതുതായി ഏർപ്പെടുത്തിയ സംവിധാനം ആകയാൽ ജീവനക്കാർക്ക് അവരുടെ പ്രകടനം മെച്ചപ്പെടുത്താനുള്ള അവസരം ലഭ്യമാക്കണമെന്നു കാണുന്ന സാഹചര്യത്തിൽ സൂചനകൾപ്രകാരം നടത്തുന്ന പെർഫോർമൻസ് അപ്രൈസലിൽ 40 ശതമാനമോ അതിനു മുകളിലോ

സ്കോർ ലഭിക്കുന്ന എല്ലാ ജീവനക്കാർക്കും കരാർ പുതുക്കി നല്കാവുന്നതാണ്. എന്നാൽ ഇതിൽ 40% മുതൽ 50%ൽ താഴെ സ്കോർ ലഭ്യമായിട്ടുള്ള മുഴുവൻ ജീവനക്കാരുടേയും പെർഫോർമൻസ് അപ്രൈസൽ, 2022-23 ലെ MIS റിപ്പോർട്ട് പൂർത്തിയാകുന്ന മുറക്ക്, പ്രസ്തുത സാമ്പത്തിക വർഷത്തെ പുരോഗതികൂടി വിലയിരുത്തി 2023 ഏപ്രിൽ 30 നകം വീണ്ടും നടത്തേണ്ടതും ഇവർക്ക് കുറഞ്ഞത് 50% സ്കോർ ലഭിക്കുന്ന പക്ഷം മാത്രം കരാർ പുതുക്കി നൽകേണ്ടതുമാണ്.

സൂചന 2, 3 സർക്കുലറുകൾ ഈ സർക്കുലറിലെ ടി ഖണ്ഡിക നിർദേശങ്ങളോടെ ഇതിനാൽ ഭേദഗതി വരുത്തിയതായി അറിയിക്കുന്നു. ഈ ഭേദഗതി പ്രകാരമുള്ള അപ്രൈസൽ റിപ്പോർട്ട് സൂചന 1 സർക്കാർ ഉത്തരവിൽ നിർദേശിച്ച തീയതിയ്ക്കകം പൂർത്തിയാക്കേണ്ടതാണ്.

for MISSION DIRECTOR

പകർപ്പ് :1. എല്ലാ ജില്ലാ പ്രോഗ്രാം കോർഡിനേററർമാർക്കും

2. എല്ലാ ജോയിന്റ് പ്രോഗ്രാം കോർഡിനേററർമാർക്കും

3. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്മാർക്കും (ജെ.പി .സിമുഖേന)

4. എല്ലാ ബി.പി.ഒ മാർക്കും (ജെ.പി .സി മുഖേന)

5. എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്മാർക്കും (ജെ.പി .സി മുഖേന)

6. എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും(JPC/BPO മുഖേന )